(ഐ) SBT-യുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ബാങ്കുകളുടെ കൺസോർഷ്യത്തിൽനിന്നും സാമ്പത്തിക സഹായം സമാഹരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. തുടർ ചർച്ചകൾ നടന്നുവരുന്നു.

ആഭ്യന്തര ചരക്കുഗതാഗതം

101 (1686) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കൂടാതെ കേരളത്തിൽ ഉപയോഗയോഗ്യമായ എത്ര തുറമുഖങ്ങൾ ഉണ്ട് ; എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുപയോഗിച്ചുകൊണ്ട് ആഭ്യന്തര ചരക്കുഗതാഗതം വികസിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ ;

(സി) ആഭ്യന്തര ചരക്കുഗതാഗതത്തിന് ഉതകുന്ന ചെറിയ കപ്പലുകളും പത്തേമാരികളും ഇതിനായി ഉപയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊച്ചി കൂടാതെ കേരളത്തിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, നീണ്ടകര, കോട്ടയം എന്നീ ആറ് തുറമുഖങ്ങളിലാണ് ചരക്കു ഗതാഗതം നടത്താൻ യോഗ്യമായിട്ടുള്ളത്.

(ബി) ആലോചിക്കുന്നുണ്ട്.

(സി) നിലവിൽ ചെറിയ യന്ത്രവൽകൃത പായ്കപ്പലുകളും, ചെറിയ കപ്പലുകളും ഉപയോഗിച്ചാണ് ചരക്കുഗതാഗതം നടത്തുന്നത്. ആഭ്യന്തര ചരക്കുഗതാഗതം കൂടുതൽ വികസിപ്പിക്കുന്നതിന് എന്തെല്ലാം ചെയ്യണം എന്നതിനെപ്പറ്റി വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഒരു കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്.

യൂത്ത് കമ്മീഷൻ

102 (1687) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കമ്മീഷൻ എപ്പോൾ രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കമ്മീഷന് ജുഡീഷ്യൽ അധികാരങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടോ ;

(സി) നിലവിലുള്ള യൂത്ത് വെൽഫയർ ബോർഡിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇതിനായി കരട് ബിൽ തയ്യാറാക്കുന്നതിന് എട്ടംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) കേരളത്തിലെ മുഴുവൻ യുവജനങ്ങളുടെയും പ്രത്യേകിച്ച് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങളുടെയും വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രധാന ലക്ഷ്യം. യുവജനങ്ങളുടെ പുരോഗതിക്ക് സഹായകമാകുന്ന, സാമൂഹികവും കായികവും സാംസ്കാരികവും സാങ്കേതികവുമായ തൊഴിൽ പരവുമായ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും ബോർഡിന്റെ ചുമതലയിൽപ്പെടുന്നു. ഇതിനായി തൊഴിൽ പരിശീലന പരിപാടികൾ, കലാമേളകൾ, ബോധവൽക്കരണ പരിപാടികൾ, വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയും യുവജനങ്ങളുടെ സേവനം, സാമൂഹ്യവികസനത്തിന് പ്രയോജനപ്പെടുത്തുന്ന തരത്തിൽ യുവകർമ്മ സേനയും ആരോഗ്യ ബോധവൽക്കരണസേനയും രൂപീകരിച്ച് നടപ്പിലാക്കുന്നു.

യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം

103 (1688) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജനങ്ങളും വിദ്യാർത്ഥികളും മുമ്പെങ്ങുമില്ലാത്ത വിധം മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നതിനെതിരെ സംസ്ഥാനത്തെ വിവിധ യൂത്ത് ക്ലബ്ബുകളും സ്കൂൾ-കോളേജുകളും കേന്ദ്രീകരിച്ച് വിപുലമായ പ്രചാരണ പരിപാടികൾ യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മുൻകാലങ്ങളിലെപോലെ ഗ്രാമപ്രദേശങ്ങളിൽ യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപകമാക്കി, ഭീകരവാദം, വർഗ്ഗീയത, മദ്യ-മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) യുവജനക്ഷേമ ബോർഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന ക്ലബ്ബുകൾ മുഖേന മദ്യം, മയക്കുമരുന്ന്, ഭീകരവാദം, വർഗ്ഗീയത എന്നിവയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ മറ്റ് പ്രചരണ

LIBRARY ARCHIVES Kerala Legislative Assembly